## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കെട്ടിടങ്ങൾക്ക് 2005-ലെ വാർഡ് പുനർ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നമ്പർ പതിക്കുന്നതിനും നിശ്ചിത ഫോറത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനും, അസസ്സ്മെന്റ് രജിസ്റ്ററിൽ പകർത്തി എഴുതുന്നതിന് ഫീസ് നിശ്ചയിച്ചുകൊണ്ടും അസസ്സ്മെന്റ് രജിസ്റ്ററിന്റെ മാതൃകകൾ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്

സ.ഉ. (എം.എസ്) നം. 62/2008/തസ്വഭവ. തിരുവനന്തപുരം, തീയതി, 06.03.2008.

---

പരാമർശം : 1. ജി.ഒ. (എം.എസ്) 166/07/തസ്വഭവ തീയതി 23.06.2007.
2. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2008-ലെയും 08.02.2008-ലെയും സി3-15585/07 നമ്പർ കത്തുകൾ.

### ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി നിർണ്ണയിക്കുന്നതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ, പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവു പ്രകാരം പരിഷ്കരിച്ചിട്ടുള്ള വസ്തു നികുതി പ്രാബല്യത്തിൽ വരുത്തി നികുതി നിർണ്ണയം നടത്തണമെങ്കിൽ കെട്ടിടങ്ങൾക്ക് പുതുതായി നമ്പർ നൽകി അസസ്സ്മെന്റ് രജിസ്റ്ററുകൾ പുതുതായി എഴുതേണ്ടതുണ്ട്. അതോടൊപ്പം 2005-ലെ വാർഡ് ഡിവിഷന്റെ അടിസ്ഥാനത്തിൽ എല്ലാ കെട്ടിടങ്ങൾക്കും പുതിയ കെട്ടിട നമ്പർ നൽകി നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ കെട്ടിടങ്ങൾക്ക് പുതിയ വസ്തു നികുതി (കെട്ടിട നികുതി) പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി പുതിയകെട്ടിട നമ്പർ നൽകുന്നതിനും അതിനനുസൃതമായി അസസ്സ്മെന്റ് രജിസ്റ്റർ പുതുക്കി എഴുതുന്നതിനും എല്ലാ കെട്ടിടങ്ങൾക്കും വ്യക്തമായ നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കുന്നതിനും താഴെ പറയുന്ന കാര്യങ്ങളിൽ അംഗീകാരത്തിനായി പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

1. കെട്ടിടങ്ങൾക്ക് പുതിയ നമ്പർ പതിക്കുന്നതിന് രണ്ടുരൂപയായി (നമ്പർ പ്ലേറ്റിന്റെ വില ഒഴികെ) നിശ്ചയിക്കാമോ.
2. കെട്ടിടത്തെ സംബന്ധിച്ച് നിശ്ചിത ഫാറത്തിൽ അളവുകൾ ഉൾപ്പെടെയുള്ള പൊതുവായ വിവരങ്ങൾ ശേഖരിക്കുന്നതിന് കെട്ടിടം ഒന്നിന് ഏറ്റവും ചുരുങ്ങിയത് 5 രൂപയായി നിശ്ചയിക്കാമോ.

3. നികുതി നിർണ്ണയത്തിന് ശേഷം ഓരോ കെട്ടിടത്തിന്റെയും അടിസ്ഥാന വിവരങ്ങൾ വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ പകർത്തി എഴുതുന്നതിന് കെട്ടിടമൊന്നിന് 50 പൈസയായി നിശ്ചയിക്കാമോ.

4. പുതുക്കി എഴുതേണ്ട വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റിന്റെയും ഓരോ വീട്ടിൽ നിന്നും നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങളുടേയും നികുതിദായകർ സ്വയം നികുതി നിർണ്ണയിച്ച് ലഭ്യമാക്കേണ്ട ഫാറത്തിന്റെയും മാതൃകകൾ പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കി ലഭ്യമാക്കിയത് അംഗീകരിക്കാമോ.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കെട്ടിടങ്ങൾക്ക് പുതിയ നമ്പർ പതിക്കുന്നതിന് രണ്ടുരൂപയായി (നമ്പർ പ്ലേറ്റിന്റെ വില ഒഴികെ) നിജപ്പെടുത്തുന്നു.
2. കെട്ടിടത്തെ സംബന്ധിച്ച് നിശ്ചിത ഫാറത്തിൽ അളവുകൾ ഉൾപ്പെടെയുള്ള പൊതുവായ വിവരങ്ങൾ ശേഖരിക്കുന്നതിന് കെട്ടിടം ഒന്നിന് ഏറ്റവും ചുരുങ്ങിയത് 5 രൂപയായി നിജപ്പെടുത്തുന്നു.
3. നികുതി നിർണ്ണയത്തിന് ശേഷം ഓരോ കെട്ടിടത്തിന്റെയും അടിസ്ഥാന വിവരങ്ങൾ വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ പകർത്തി എഴുതുന്നതിന് 50 പൈസയായി നിജപ്പെടുത്തുന്നു.

കൂടാതെ പുതുക്കി എഴുതേണ്ട വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റിന്റെയും, ഓരോ വീട്ടിൽ നിന്നും നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന വിവരങ്ങളുടേയും നികുതിദായകർ സ്വയം നികുതി നിർണ്ണയിച്ച് ലഭ്യമാക്കേണ്ട ഫാറത്തിന്റെയും മാതൃകകൾ, ഇതിനോടനുബന്ധമായി ചേർത്തിട്ടുള്ളത്, അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം. വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ജില്ലാ/ ബ്ലോക്ക് / ഗ്രാമ പഞ്ചായത്തുകൾക്കും ( സെക്രട്ടറി മുഖേന)
എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ) / ഓഡിറ്റ്, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ഫയൽ, കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.